## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**എൻ.ആർ.ഇ.ജി.എസ്. കാര്യക്ഷമമാക്കാൻ പദ്ധതി**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3512

10.04.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ അൻവർ സാദത്ത്<br>ശ്രീ ഹൈബി ഈഡൻ<br>ശ്രീ ഷാഫി പറമ്പിൽ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | എൻ.ആർ.ഇ.ജി.എസ്. കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാൻ ആവിഷ്കരിച്ചിട്ടുള്ള കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. കൂടുതൽ ഗ്രാമീണ കുടുംബങ്ങളെ പദ്ധതിയിൽ ചേർക്കുന്നതിനും തൊഴിലുറപ്പ് നിയമത്തെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള പ്രചരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു.<br>2. ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളിൽ സാധനസാമഗ്രികൾ ഉപയോഗിക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശ ങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>3.നിലവിലെ കൂലി വിതരണം സമയബന്ധിതമായി നൽകുന്നതിന് ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>4.സംസ്ഥാനത്തിന്റെ ജനസംഖ്യ, ജനസാന്ദ്രത, പൊതുസ്ഥലങ്ങളുടെ കുറവ് എന്നിവ കണക്കിലെടുത്ത് സംസ്ഥാനത്തിന് അനുയോജ്യമായ പുതിയ |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്.<br>5. തൊഴിലാവശ്യപ്പെടുന്ന കുടുംബങ്ങൾക്ക് യഥാസമയം തൊഴിൽ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളെ പ്രാപ്തമാക്കുന്നതിനാവശ്യമായ പിന്തുണാ സംവിധാനങ്ങൾ ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>6. തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമീണ ഷെഡ്യൂൾ ഓഫ് റേറ്റ് തയ്യാറാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്.<br>7. പരാതി പരിഹാരത്തിനായി ജില്ലാതലത്തിൽ ഓംബുഡ്സ്മാൻമാരെ നിയമിച്ചിട്ടുണ്ട്.<br>8. മോണിറ്ററിംഗ് ഫലപ്രദമാക്കുന്നതിലേക്കായി ക്വാളിറ്റി മോണിറ്റർമാരെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു<br>സോഷ്യൽ ഓഡിറ്റ് ഫലപ്രദമാക്കുന്നതിലേക്കായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പദ്ധതിയിൻകീഴിൽ വർഷത്തിൽ ഒരാൾക്ക് എത്ര ദിവസത്തെ തൊഴിലവസരങ്ങളാണ് നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്; | (ബി) | ഒരു സാമ്പത്തിക വർഷം ഒരു കുടുംബത്തിന് ആവശ്യാധിഷ്ഠിതമായി 100 ദിവസത്തെ തൊഴിൽ നൽകുക നിയമപരമായ ബാധ്യതയാണ്. 2013-14 ലെ ലേബർ ബഡ്ജറ്റ് പ്രകാരം ഒരു കുടുംബത്തിന് ശരാശരി 50 ദിവസം തൊഴിൽ നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത് |
| (സി) | പദ്ധതി നടപ്പാക്കുന്നതിന് എത്ര കോടി രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) ും (ഡി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പരിപാടിയാണ്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ സാമ്പത്തിക വിഹിതം കൃത്യതയോടുകൂടി നിർണ്ണയിക്കുവാൻ സാധിക്കുകയില്ല. എന്നിരുന്നാലും, കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് പദ്ധതിയുടെ വിഹിതം |
| (ഡി) | പദ്ധതി നടത്തിപ്പിനുള്ള ചെലവ് ഇരട്ടിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | | |

| | | | |
|---|---|---|---|
| | | | ഏകദേശം മുൻകൂട്ടി കണക്കാക്കുന്നതിന് എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളോടും അവയുടെ ലേബർ ബഡ്ജറ്റ് തയ്യാറാക്കി സംസ്ഥാന/കേന്ദ്രസർക്കാരിൽ സമർപ്പിക്കുന്നതിനും പ്രസ്തുത ലേബർ ബഡ്ജറ്റ് തൊഴിൽ ആവശ്യകതയക്ക് അനുസരിച്ച് ആവശ്യമായ സന്ദർഭങ്ങളിൽ മാറ്റം വരുത്തുന്നതിനും തൊഴിലുറപ്പ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവിദഗ്ദ്ധ കായിക തൊഴിലാളികളുടെ കൂലിയുടെയും ഭരണചെലവിന്റെയും 100ശതമാനവും സാധനസാമഗ്രികളുടെ 75 ശതമാനവും കേന്ദ്രസർക്കാർ വഹിക്കുന്നതും സാധന സാമഗ്രികളുടെ ചെലവിന്റെ 25% സംസ്ഥാന സർക്കാർ വഹിക്കുന്നതുമാണ്.<br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2013-14 സാമ്പത്തിക വർഷം 875.5 ലക്ഷം അവിദഗ്ദ്ധ കായിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും അതിലേക്ക് 395794 പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും കേന്ദ്രസർക്കാരിന്റെ എംപവേർഡ് കമ്മറ്റി 20.02.2013 ന് അംഗീകാരം നൽകിയിട്ടുണ്ട്.<br>നിലവിൽ കേന്ദ്രസർക്കാർ അംഗീകരിച്ച 2013-14 ലേബർ ബഡ്ജറ്റ് പ്രകാരം, തൊഴിലുറപ്പ് പദ്ധതിയിൽ 227544.8 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ